# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 111 07.08.2017 ൽ മറുപടിയ്ക്ക്

## പോലീസ് സ്വമേധയാ എടുക്കുന്ന കേസുകൾ

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ എത്ര ശതമാനമാണ് പോലീസ് സ്വമേധയാ എടുക്കുന്നതായി കണക്കാക്കിയിട്ടുള്ളത്;

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പോലീസ് സ്വമേധയാ എടുക്കുന്ന കേസുകളുടെ കഴിഞ്ഞ 2 വർഷത്തെയും കൂടാതെ 2017 ജൂലൈ 30 വരെയുള്ള ശതമാന കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| Year | Total FIR Regd. | Total Suo Motu Regd. | Percentage |
|---|---|---|---|
| 2015 | 685506 | 520973 | 75.99 |
| 2016 | 744431 | 592603 | 79.6 |
| 2017 (upto 30.07.17) | 404248 | 310383 | 76.78 |

(ബി) പോലീസ് സ്വമേധയാ എടുക്കുന്ന കേസുകളിൽ പലതിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമൂലമാണ് കോടതികളിൽ ഇത്തരം കേസുകൾ പരാജയപ്പെടുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടിക്രമങ്ങൾ പാലിക്കാതെ കേസുകൾ രജിസ്റ്റർ ചെയ്യുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നടപടിക്രമങ്ങൾ പാലിച്ചാണ് കേസുകൾ രജിസ്റ്റർ ചെയ്തു വരുന്നത്. ഇക്കാര്യത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അതാതു തലങ്ങളിൽ യഥാസമയം പരിശോധനകൾ നടത്തിവരുന്നതുമാണ്.

| | |
|---|---|
| (ഡി) നടപടിക്രമങ്ങൾ പാലിക്കാതെ കേസുകൾ രജിസ്റ്റർ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) നടപടിക്രമങ്ങൾ പാലിക്കാതെ കേസുകൾ രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ